# ബഹു.മുഖ്യമന്ത്രിയുടെ കോവിഡ് 19 പ്രതിദിന വാർത്താ സമ്മേളനത്തിന്റെ മിനിറ്റ്സ്

**2020 ഏപ്രിൽ 28 വൈകുന്നേരം 3.00 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

## ബഹു. ആരോഗ്യവകുപ്പ് മന്ത്രി

കേരളത്തിൽ ഇന്ന് 4 പേർക്ക് രോഗം സ്ഥിരീകരിച്ചു. കണ്ണൂർ ജില്ലയിൽ നിന്നും 3 പേർക്കും കാസർഗോഡ് ജില്ലയിൽ നിന്നും ഒരാൾക്കും ആണ് രോഗബാധ സ്ഥിരീകരിച്ചത് എന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു. കേരളത്തിൽ ഇന്ന് 4 പേരുടെ പരിശോധനാഫലം നെഗറ്റീവ് ആയിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ നിന്ന് 2 പേരുടെ വീതം പരിശോധനാഫലമാണ് നെഗറ്റീവ് ആയത്. രോഗം സ്ഥിരീകരിച്ച 123 പേർ നിലവിൽ ആശുപത്രികളിൽ ചികിത്സയിലാണ്. ഇന്ന് 213 രാജ്യങ്ങളിൽ കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കേരളത്തിലാകമാനം 20773 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 20255 പേർ വീടുകളിലും 518 പേർ ആശുപത്രികളിലുമാണ്. ഇതുവരെ 23980 സാമ്പിളുകൾ പരിശോധിച്ചതിൽ 23277 സാമ്പിളുകൾ നെഗറ്റീവ് ആണ്. ഏപ്രിൽ 26 ന് ശേഖരിച്ച 3101 സാമ്പിളുകളിൽ 2682 സാമ്പിളുകൾ നെഗറ്റീവ് ആണ്. അതിനുശേഷം പ്രിൻസിപ്പൽ സെക്രട്ടറിയോട് പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പറയാൻ ആവശ്യപ്പെട്ടു.

## പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

ലോകത്താകമാനം 2883603 കേസുകളും 198842 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ 29435 കേസുകളും 934 മരണവുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇന്ത്യയിൽ ഇന്ന് 1543 പുതിയ കേസുകളും 62 മരണവുമാണ് ഇന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള കണക്കും, വീടുകളിലും, ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. ടെസ്റ്റിംഗ് സെന്ററുകളുടെ ജില്ലതിരിച്ചുള്ള വിഭജനവും ലാബുകളിൽ നിലവിലെ സംവിധാനത്തിൽ ചെയ്യാൻ കഴിയുന്ന ടെസ്റ്റുകളുടെ കണക്കും അറിയിച്ചു. ഇപ്പോൾ ചികിത്സയിലുള്ള രോഗികളുടെ ആരോഗ്യനിലയെക്കുറിച്ചുള്ള വിശകലനവും നടത്തി. നിലവിൽ 16474 ആർ എൻ എ എക്സ്ട്രാക്ഷൻ കിറ്റുകൾ സ്റ്റോക്ക് ഉണ്ട്. കൂടാതെ 10,000 കിറ്റുകൾ കൂടി ലഭ്യമാകാനുണ്ട്. ഇപ്പോഴത്തെ അവസ്ഥയിൽ ആർ എൻ എ എക്സ്ട്രാക്ഷൻ കിറ്റുകളുടെ കാര്യത്തിൽ ആശങ്കപ്പെടേണ്ടതില്ല. 46,370 പി സി ആർ കിറ്റുകളും സ്റ്റോക്കിൽ ഉണ്ട്. 8000 കിറ്റുകൾ വരും ദിവസങ്ങളിൽ ലഭ്യമാകുകയും ചെയ്യും. 51316 ഡാക്രോൺ സ്വാബുകൾ സ്റ്റോക്കുണ്ട്. 410 ഐ സി യു വെന്റിലേറ്ററുകൾ ഓർഡർ നൽകിയിട്ടുണ്ട്.

## ചീഫ് സെക്രട്ടറി

ആർ എൻ എ എക്സ്ട്രാക്ഷൻ കിറ്റുകൾ മാത്രമാണ് സ്റ്റോക്ക് കുറവുള്ളത്. ക്യാബിനറ്റ് സെക്രട്ടറിക്ക് ടെസ്റ്റ് കിറ്റുകൾ ആവശ്യമാണ് എന്ന് കാട്ടി കത്ത് അയച്ചിട്ടുണ്ട്. അതിഥി തൊഴിലാളികൾക്ക് അവരുടെ നാടുകളിലേക്ക് മടങ്ങിപോകണമെന്നുള്ള ആവശ്യങ്ങൾ ഉയർന്നു വരുന്നുണ്ട്. തൊഴിൽ വകുപ്പ് കമ്മീഷണർ നിരവധി അതിഥി തൊഴിലാളികളുടെ ക്യാമ്പുകൾ സന്ദർശിച്ചിരുന്നു. മുഖ്യമന്ത്രി അയച്ച കത്തിന് മറുപടി ലഭിക്കുന്ന മുറയ്ക്ക് ഇവരെ തിരിച്ചയക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. മഴ തുടങ്ങുന്നതിന് മുൻപായി റോഡുകളുടേയും, പാലങ്ങളുടേയും മറ്റും അറ്റകുറ്റ പണികൾ തീർപ്പാക്കേണ്ടതുണ്ട്. ഇതിനായൊരു യോഗം നടത്തിയിരുന്നു. പൊതുമരാമത്ത് വകുപ്പ് ഇതിനായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നദികളിൽ എക്കൽ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ കോവിഡ് പ്രശ്നം കാരണം മന്ദഗതിയിലാണ്. എന്നാൽ വകുപ്പ് സെക്രട്ടറി ഇതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുമായി സംസാരിക്കുകയുണ്ടായി. സിവിൽ സപ്ലൈസിന്റെ സ്റ്റോക്കിൽ ആശങ്കപ്പെടേണ്ടതില്ല. കൂടാതെ സിവിൽ സപ്ലൈസ് സെക്രട്ടറി സ്വകാര്യ മൊത്തവിതരണക്കാരുമായി സംസാരിക്കുകയുണ്ടായി. ചരക്ക് വാഹനങ്ങളുടെ വരവിൽ നേരിയ കുറവ് അനുഭവപ്പെട്ടിട്ടുണ്ട്. മാലിന്യ സംസ്കരണത്തിന്റെ കാര്യത്തിൽ ആശങ്കപ്പെടേണ്ടതുണ്ട്. മഴക്കാലം വരുന്നതിനാൽ മാലിന്യം നീക്കേണ്ടത് അനിവാര്യമാണ്. ഇതിനായുള്ള നിർദ്ദേശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ആന്റീബോഡി ടെസ്റ്റ് കിറ്റുകളുടെ നിർമ്മാതാക്കളുമായി സംസാരിച്ചിരുന്നു. ഐ സി എം ആർ ന്റെ അംഗീകാരം ലഭിക്കുകയാണെങ്കിൽ ഇവരിൽ നിന്ന് കിറ്റുകൾ വാങ്ങാവുന്നതാണ്.

## വിദഗ്ദ്ധ സമിതി ചെയർ പേഴ്സൺ

ആരോഗ്യ വകുപ്പ് മന്ത്രി, പ്രിൻസിപ്പൽ സെക്രട്ടറി വിദഗ്ദ്ധ സമിതിയുമായി വീഡിയോ കോൺഫറൻസ് നടത്തി. ഐ സി എം ആർ പുതിയൊരു രോഗലക്ഷണം കൂടി ടെസ്റ്റിങ്ങിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഹോട്ട്സ്പോട്ടുകൾ കേന്ദ്രീകരിച്ചിട്ടുള്ള ഐ എൽ ഐ (ജലദോഷപ്പനി) ലക്ഷണങ്ങളുള്ളവരെ, ഈ ലക്ഷണങ്ങളുള്ള അതിഥി തൊഴിലാളികൾ എന്നിവരെയാണ് ഈ ടെസ്റ്റിംഗിന്റെ പരിധിയിൽ കൊണ്ടുവരുന്നത്. വിദഗ്ദ്ധ സമിതി ഇത് ചർച്ച ചെയ്ത് രണ്ട് നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചിട്ടുള്ളത്. ഐ ഡി എസ് പി റിപ്പോർട്ട് പ്രകാരം ഏതെങ്കിലും പ്രദേശത്ത് / കുടുംബത്തിൽ ജലദോഷപ്പനി കേന്ദ്രീകരിക്കുന്നതായി കാണുകയാണെങ്കിൽ, കേരളത്തിന്റെ പല പ്രദേശങ്ങളിലായി തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ വരുന്ന ജലദോഷപ്പനിയുള്ള ഗർഭിണികൾ, ആരോഗ്യ പ്രവർത്തകർ, മറ്റ് രോഗമുള്ളവർ, പ്രായാധിക്യം ഉള്ളവർ, പോലീസുകാർ, മരുന്ന് കടക്കാർ, എന്നിവരെയുമാണ് ടെസ്റ്റ് ചെയ്യേണ്ടത്. ഇതിനായുള്ള നിർദ്ദേശം ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. രോഗത്തിന് സമൂഹ വ്യാപനം നടന്നിട്ടുണ്ടോ എന്ന് മാധ്യമങ്ങൾ എല്ലാം ചർച്ച ചെയ്യുന്നുണ്ട്. ഇതിനായി പഠനങ്ങൾ നടത്തേണ്ടത് ആവശ്യമാണ്. പഠനത്തിന് ആവശ്യമായ ആന്റീബോഡി കിറ്റുകൾ എച്ച് എൽ എല്ലിൽ നിന്നും വാങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ കെ എം എസ് സി എൽ വഴി നടക്കുന്നുണ്ട് എന്നാണ് അറിയുന്നത്. ഇത് കൂടാതെ രണ്ട് സ്ഥാപനങ്ങൾ കൂടി ആന്റീ ബോഡി കിറ്റുകൾ നിർമ്മിക്കുന്നതിന്റെ അവസാന ഘട്ടത്തിലാണ്. രാജീവ്ഗാന്ധി സെന്റർ ഫോർ

ബയോടെക്നോളജി ആണ് ഇതിൽ ഒന്ന്. ഇവർ നിർമ്മിച്ച ടെസ്റ്റ് കിറ്റ് ഡോ. ജയതില കിന്റെ നേതൃത്വത്തിലുള്ള സംഘം പരിശോധിക്കുകയുണ്ടായി. എന്നാൽ ഈ കിറ്റിന് ഐ സി എം ആർ ന്റെയും സംസ്ഥാന ഡ്രഗ്ഗ്സ് കൺട്രോളറുടേയും അനുമതി ലഭിക്കേ ണ്ടതുണ്ട്. ശ്രീചിത്തിരതിരുനാൾ സെന്ററും ടെസ്റ്റ് കിറ്റുകൾ നിർമ്മിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. സാമൂഹിക വ്യാപനം അമിതമായി ഭയപ്പെടേണ്ടതില്ല എന്നു ള്ളത് പൊതുജനങ്ങളിലേക്ക് എത്തിക്കേണ്ടത് ആവശ്യമാണ്. സാധാരണ ഗതിയിൽ പകർച്ചവ്യാധികൾ അവസാനിക്കുന്നത് പ്രതിരോധ മരുന്നുകൾ ഉപയോഗിക്കുമ്പോഴും അല്ലെങ്കിൽ സാമൂഹിക രോഗപ്രതിരോധ ശേഷി ഉണ്ടാകുമ്പോഴുമാണ്. കോവിഡിന് മരണ നിരക്ക് കുറവാണ്. എന്നാൽ കേരളത്തിൽ രോഗം മുതിർന്നവരിലേക്കും മറ്റ് രോഗമുള്ളവരിലേക്കും പകരാതിരിക്കാൻ നോക്കേണ്ടതുണ്ട്. ഇതിനായി കർശനമായ റിവേഴ്സ് ക്വാറന്റൈൻ നടപ്പിലാക്കേണ്ടത് ആവശ്യമാണ്. കൂടാതെ വീടുകൾക്കുള്ളിലും മാസ്കുകളുടെ ഉപയോഗവും ശാരീരിക അകലം പാലിക്കുന്നത് കർശനമാക്കേണ്ടതാണ്.

## സിവിൽ സപ്ലൈസ്

2,12,008 മെട്രിക് ടൺ അരിവിതരണം ചെയ്തിട്ടുണ്ട്. ഇത് സാധാരണ വിതരണം ചെയ്യുന്ന തിൽ 2.35 ഇരട്ടിയാണ്. 15,589.56 മെട്രിക് ടൺ ഗോതമ്പ് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കമ്യൂണിറ്റി കിച്ചൺ, അതിഥി തൊഴിലാളികൾ എന്നിവർക്കായി 1623.498 മെട്രിക് ടൺ അരിവിതരണം ചെയ്തു. 2699.62 കിന്റൽ ആട്ട അതിഥി തൊഴിലാളികൾക്ക് നൽകി യിട്ടുണ്ട്. ലീഗൽ മെട്രോളജി ഇതുവരെ 10,568 പരിശോധനകൾ നടത്തി ഇതിൽ 1269 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത് കൂടാതെ റേഷൻകടകളിൽ മാത്രമായി 1389 പരി ശോധനകൾ നടത്തിയിട്ടുണ്ട്. ഇതിൽ 205 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. സിവിൽ സപ്ലൈസ് 27623 പരിശോധനകൾ നടത്തിയിട്ടുണ്ട്. 2928 കേസുകൾ രജിസ്റ്റർ ചെയ്തിട്ടു ണ്ട്. 5.45 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. 694 കോടി രൂപ കർഷകരുടെ അക്കൗണ്ടുക ളിലേക്ക് നൽകിയിട്ടുണ്ട്. പി എച്ച് എച്ച് ഉപഭോക്താക്കൾക്കുള്ള പലവ്യഞ്ജന കിറ്റ് ഈ മാസത്തോടു കൂടി കൊടുക്കുന്നതാണ്.

## സംസ്ഥാന പോലീസ് മേധാവി

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നിർദ്ദേശ പ്രകാരം മാസ്കുകൾ നിർബന്ധമാണ്. എന്നാൽ 30 ശതമാനം ആളുകൾ ഇപ്പോഴും ഇത് ഉപയോഗിക്കുന്നില്ല. ഇതുവരെ ആഭ്യ ന്തര വകുപ്പ് ഇതിനെതിരെ നടപടികളൊന്നും സ്വീകരിച്ച് തുടങ്ങിയിട്ടില്ല. ബോധവൽക രണം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയിരുന്നു. മാസ്കുകൾ നിർബന്ധമാ ക്കണമെന്ന നിർദ്ദേശം ബഹു.മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നത് നല്ലതാണ്. ദേശീയ വനിതാ കമ്മീഷൻ ഒരു റിപ്പോർട്ട് സാമൂഹിക നീതി വകുപ്പിനും, പോലീസിനും നൽകിയിരുന്നു. ഈ റിപ്പോർട്ട് പ്രകാരം ഗാർഹിക പീഢനങ്ങളുടെ എണ്ണം കേരളത്തിൽ വളരെയധികം കൂടിയിട്ടുണ്ടെന്നാണ്. ഇതിനായൊരു റിപ്പോർട്ട് അവർ ചോദിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷൻ രേഖകൾ പ്രകാരം പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. ഇതിനായി സാമൂ ഹിക നീതി വകുപ്പും, പോലീസും ചേർന്ന് കൗൺസിലിങ്ങ് ആരംഭിക്കുന്നത് നന്നായിരി ക്കും. ജില്ലകൾക്കിടയിൽ ഗ്രീൻ ഡിസ്ട്രിക്റ്റുകൾ ആകുന്നതിന് ഒരു മത്സരം നടക്കുന്ന

തുപോലെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് നല്ല പ്രവണതയായി തോന്നുന്നില്ല. ഇതിനായി നിർദ്ദേശം കൊടുക്കുന്നത് ഉചിതമായിരിക്കും

## ഡയറക്ടർ ജനറൽ ഫയർ & റെസ്ക്യൂ

രോഗവ്യാപനത്തിന്റെ പ്രാരംഭ ഘട്ടത്തിൽ രോഗം ബാധിച്ച രാജ്യങ്ങൾ ലോക്ക് ഡൗൺ ഇളവുകൾ നൽകുന്ന മുറയ്ക്ക് കർശനമായും മാസ്ക് ഉപയോഗം നിർബന്ധമാക്കുന്നുണ്ട്. എന്നാൽ കേരളത്തിൽ മാസ്കുകൾ ഉപയോഗിക്കുന്നതിന് ഇപ്പോഴും വിമുഖത കാട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാസ്കുകളുടെ ഉപയോഗം വ്യാപകമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നത് ഉചിതമാണ്. സമൂഹ വ്യാപനവുമായി ബന്ധപ്പെട്ട് ആരോഗ്യ വിദഗ്ദ്ധർ അഭിപ്രായങ്ങൾ പറയുന്നതാകും ഉചിതം. ലോക്ഡൗണിന് ഇളവുകൾ നൽകുമ്പോൾ തന്നെ ജനങ്ങളുടെ പെരുമാറ്റം സാമൂഹിക വ്യാപനം തടയുന്നതിന് എതിരായിട്ടാണ് കാണുന്നത്. അതിനാൽ സാമൂഹിക വ്യാപനം തടയുന്നത് ജനങ്ങളുടെ കൂടി ഉത്തരവാദിത്തമാണെന്ന ബോധം അവരിലേക്ക് എത്തിക്കണം.

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കു ശേഷം ബഹു. മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തീരുമാനം യോഗത്തെ അറിയിച്ചു.**

1. പോസീറ്റിവ് കേസുകളുടെ എണ്ണം നോക്കിയാൽ ഇപ്പോൾ ഇടുക്കി, കാസർഗോഡ് ജില്ലകൾ ഒരുപോലെയാണ്. മെയ് 3 ന് ലോക്ക്ഡൗൺ പുതിയഘട്ടത്തിലേയ്ക്ക് പോവകുയാണ്. എന്നതിനാൽ മുൻ മാനദണ്ഡങ്ങൾ ആകെയൊന്ന് പരിശോധിക്കണം. പ്രധാനമന്ത്രി നടത്തിയ വീഡിയോ കോൺഫറൻസിൽ 2 ആഴ്ച കേസ്സുകൾ ഒന്നും ഇല്ലെങ്കിൽ ഓറഞ്ച് സോൺ എന്നും, 4 ആഴ്ച കേസ്സുകൾ ഇല്ലെങ്കിൽ റെഡ് സോൺ എന്നുമാണ് പറഞ്ഞത്. റെഡ് സോണുകളുടെ കാര്യം വിശദമായി വിലയിരുത്തണം. ആരോഗ്യ വകുപ്പിന്റെ വിവരങ്ങളോടൊപ്പം മറ്റു വകുപ്പുകളുടെ കണക്കുകൾകൂടി പരിഗണിച്ചാകണം. ഇത് നമുക്ക് മേയ് 3 ന് തീരുമാനിക്കാം. ഇപ്പോൾ സാമ്പത്തിക മേഖല തകർച്ച നേരിടുകയാണ്. കൃഷി, വ്യവസായം, ഐ ടി, ടൂറിസം, മൃഗസംസരക്ഷണം, ഫിഷറീസ് മേഖലകളെ എങ്ങനെ പുനരുദ്ധാരണം ചെയ്യാം എന്നതിന്റെ കരട് പ്ലാൻ വിദഗ്ധരുമായി ആലോചിച്ച് അതത് വകുപ്പ് സെക്രട്ടറിമാർ തയ്യാറാക്കണം. ഈ റിപ്പോർട്ട് മേയ് 3 ന് ശേഷം വിലയിരുത്തി ഒരു നിലപാടിലേയ്ക്ക് എത്താൻ നമുക്ക് കഴിയണം. നാട്ടിൽ എല്ലാവർക്കും വരുമാനം ഉണ്ടാകാനായി തൊഴിൽ എങ്ങനെ വർദ്ധിപ്പിക്കാം എന്ന് കൂടി പരിഗണിക്കണം. പഠനങ്ങൾ അതിനുശേഷം തുടരാവുന്നതാണ്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**
2. പ്രധാനമന്ത്രി പറഞ്ഞ കാര്യങ്ങൾ ശരിയാണ്. പുതിയ സാഹചര്യമാണ് നാം അഭിമുഖീകരിക്കുന്നത്. ആയതിനാൽ പുതിയ നിലപാടുകൾ വേണം. നാം സ്തംഭിച്ചിരുന്നിട്ട് കാര്യമില്ല. ഈ ചുമതലകൾ പ്രധാനമായും സെക്രട്ടറിമാർ ഏറ്റെടുക്കണം. ഓരോ വകുപ്പുകളും ഒട്ടേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഇത് കൃത്യമായി രേഖപ്പെടുത്തണം. വകുപ്പുകൾ അവരുടെത് നടത്തുന്നതോടൊപ്പം സംസ്ഥാനത്തിന് ആകെയും നാം ഇത് ചെയ്യണം. സംസ്ഥാനം എങ്ങനെ ഇത് നേരിട്ടു എന്നതിന്റെ നേർരേഖ ഇതായിരിക്കും. ഇല്ലെങ്കിൽ നാം ചരിത്രത്തോടു ചെയ്യുന്ന നീതികേടാകും. അതിന് ഇക്കാര്യങ്ങൾ വിദഗ്ധരെ ഏൽപ്പിക്കണം. മറ്റു രോഗങ്ങളും വരാതെ നോക്കണം. **(ചുമതല - എല്ലാ വകുപ്പുകളും)**

3. സാമൂഹിക മധ്യമങ്ങളിൽ ഇപ്പോൾ വന്നുകൊണ്ടിരിക്കുന്ന സന്ദേശങ്ങൾ, പുറമെ നിന്നും വരുന്ന ലോറികൾ തടയണം, നിയന്ത്രിക്കണം എന്നിങ്ങനെയാണ്. ഇത് പ്രായോഗികമല്ല. അതിർത്തി കടക്കുമ്പോൾ തന്നെ എവിടേയ്ക്കാണോ പോകുന്നത് അവിടത്തെ പോലീസ് സ്റ്റേഷനിൽ വിവരം അറിയിക്കണം. അവർ മാസ്ക് ധരിക്കുന്നുണ്ടോ, സമൂഹ അകലം പാലിക്കുന്നുണ്ടോ എന്നിങ്ങനെയുള്ള കാര്യങ്ങളും, അവർ കറങ്ങി നടക്കാൻ ഇടവരുത്താതെ അവർക്ക് വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ടോ എന്നും പോലീസ് ശ്രദ്ധിക്കണം. **(ചുമതല - ആഭ്യന്തര വകുപ്പ്)**
4. ഇന്നലെ ഒരു രോഗിയെ ആശുപത്രിയിലേയ്ക്ക് മാറ്റുന്ന സംഭവത്തിൽ ജില്ലാ ഭരണകൂടത്തിന്റെ ഭാഗത്ത് കുറച്ചൊരു ജാഗ്രതക്കുറവ് ഉണ്ടായിട്ടുണ്ട്. രോഗികൾ ഉണ്ടാകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചെയ്തില്ല. നമ്മുടെ വീഴ്ചകൾ പറയുന്നതോടൊപ്പം കുറ്റപ്പെടുത്തലുകൾക്ക് നിന്നുകൊടുക്കേണ്ട കാര്യവുമില്ല. **(ചുമതല - ആരോഗ്യ വകുപ്പ്)**
5. നദികളുടെ എക്കൽ ഈ മാസത്തോടെ നീക്കം ചെയ്യേണ്ടതാണ്. **(ചുമതല - ബന്ധപ്പെട്ട വകുപ്പ്)**
6. പ്രവാസികളുടെ തിരിച്ചുവരവ് സംബന്ധിച്ച് തയ്യാറെടുപ്പുകൾ പുരോഗമിക്കുന്നു. എന്നാൽ രാജ്യത്തിനകത്ത് നിന്നും മറ്റ് സ്ഥലത്തുള്ളവർ ഇങ്ങോട്ട് വരുന്നതിന് കൃത്യമായ മാനദണ്ഡങ്ങൾ ഉണ്ടാകണം. കേരളത്തിൽ വീടുള്ളവർക്ക് മുൻഗണന നൽകാവുന്നതാണ്. പ്രായമായവർ, പഠിക്കാനായി മറ്റ് സ്ഥലങ്ങളിൽ പോയവർ, ജോലി ഇല്ലാത്തവർ, ഗർഭിണികൾ എന്നിവർക്കും മുൻഗണന നൽകാം. വിദേശത്തുനിന്നും വിമാനത്താവളങ്ങൾ അല്ലെങ്കിൽ തുറമുഖങ്ങൾ വഴിയേ എത്തുകയുള്ളു. എന്നാൽ മറ്റ് സംസ്ഥാനത്ത് നിന്നുള്ളവർ എത് വഴിക്കും വരാമെന്നതിനാൽ കൃത്യമായി പരിശോധിക്കണം. ആശയക്കുഴപ്പം ഒഴിവാക്കാനായി അതിർത്തിയിൽ എത്തുന്ന സമയക്രമം നമുക്ക് മുൻകൂട്ടി നൽകാം. ഏതു സ്ഥലത്തേയ്ക്കാണോ പോകേണ്ടത് എന്ന് മെസ്സേജ് നൽകാം. ഇക്കാര്യത്തിൽ പോലീസ് സംസ്ഥാനങ്ങളുമായും, ജില്ലകളുമായും, വിവിധ വകുപ്പുകളുമായും ബന്ധപ്പെടണം. ഇത്തരം കാര്യങ്ങളുടെ ഏകോപന ചുമതല ശ്രീ ബിശ്വനാഥ് സിൻഹയ്ക്ക് നൽകാം. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**
7. എറണാകുളം ജില്ല ചില മാതൃകകൾ നടപ്പിലാക്കിയിട്ടുണ്ട്.
8. ഗാർഹികപീഢനവുമായി ബന്ധപ്പെട്ട കേസുകൾ വർദ്ധിക്കുന്നുണ്ടോ എന്ന് പോലീസ് സാമൂഹിക നീതി വകുപ്പുമായി ചേർന്ന് പരിശോധിക്കേണ്ടതാണ്. **(ചുമതല - ആഭ്യന്തരം, സാമൂഹിക നീതി വകുപ്പ്)**
9. വർക്കലയിൽ ക്വാറന്റൈനിൽ ഉള്ള വ്യക്തി, സഹായങ്ങൾ ലഭിക്കാത്തതിനാലാണ് ആശുപത്രിയിൽ കൂടെ പോകേണ്ടിവന്നത്. വീടുകളിൽ ക്വാറന്റൈനിൽ ഉള്ളവർക്ക് ഇത്തരം പ്രശ്നങ്ങൾ ഭാവിയിലും ഉണ്ടാകാം. അത്തരം സാഹചര്യങ്ങളിൽ അവർക്ക് സഹായം ഉറപ്പാക്കേണ്ടതാണ്. **(ചുമതല - ആഭ്യന്തര വകുപ്പ്)**
10. സമൂഹ വ്യാപനം ഉണ്ട് എന്ന് ഇപ്പോൾ പറഞ്ഞ് ആശങ്കയുണ്ടാക്കേതില്ല.
11. റബ്ബർ കർഷകർക്ക് റെയിൻ ഗാർഡിംഗ് കിട്ടുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. **(ചുമതല - കൃഷി വകുപ്പ്)**
12. ഇപ്പോൾ ആശുപത്രികളിൽ മറ്റ് രോഗികൾ എത്തുന്നുണ്ട്. ഇവരുടെ സൗകര്യങ്ങൾ ഉറപ്പ് വരുത്തണം. **(ചുമതല - ആരോഗ്യ കുടുംബക്ഷേമ വകുപ്പ്)**
13. ഒരു കോർപ്പറേഷൻ മേയർ കമ്യൂണിറ്റി കിച്ചണിന് ഫണ്ടില്ല എന്ന് പറഞ്ഞതിൽ വ്യക്തതയുണ്ടാക്കണം. **(ചുമതല - തദ്ദേശസ്വയംഭരണവകുപ്പ്)**

14. മാലിന്യനീക്കം ദ്രുതഗതിയിലാക്കണം. മാലിന്യംകൂടതലുള്ള സ്ഥലങ്ങളിൽ മറ്റു രോഗ വ്യാപനങ്ങൾക്കുള്ള സാധ്യതയുണ്ട്. ഇത് തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധിക്കണം. അതിഥി തൊഴിലാളികളെ ഈ ജോലികൾക്ക് ഉപയോഗിക്കാം. **(ചുമതല - തദ്ദേശസ്വയംഭരണവകുപ്പ്)**.
15. ഇടുക്കിയിൽ പ്രശ്നം ഗുരുതരമാണ്. **(ചുമതല - ജില്ല കളക്ടർ)**
16. തമിഴ്നാട്ടിൽ നിന്ന് വരുന്ന ലോറിയിൽ പരിശോധന ഇല്ലാതെ ആളുകൾ വരുന്നു. വനം, റവന്യൂ, പോലീസ് എന്നിവർ സംയുക്തമായി പ്രവർത്തിച്ച് ഇത് നിയന്ത്രിക്കേണ്ടതാണ്. മാത്രമല്ല അതിർത്തികളിൽ നിൽക്കുന്ന പോലീസുകാർ ഡ്യൂട്ടി കൃത്യമായി നിർവ്വഹിക്കുന്നു എന്ന് ഉറപ്പാക്കണം. **(ചുമതല - ആഭ്യന്തര, റവന്യൂ, വനം വകുപ്പ്)**
17. കടകൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ആശയകുഴപ്പം മാറ്റാൻ ഉത്തരവിൽ മാറ്റം വരുത്തണം. **(ചുമതല - പൊതുഭരണ വകുപ്പ്)**
18. പാൻ, ഗുഡ്ക എന്നിവ ഇപ്പോൾ വിൽക്കാനാകില്ല. എന്നാൽ സിഗററ്റ് വിൽപന നടത്താനാകുമോ എന്ന് മൊത്തവ്യാപാരികൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ കൃത്യമായ വിശദീകരണം കേന്ദ്രത്തിൽ നിന്ന് നേടേണ്ടതാണ്. **(ചുമതല - പൊതുഭരണ വകുപ്പ്)**
19. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർകിടെക്ചർ പി ഡബ്ല്യൂ ഡിക്ക് ഒരു പുസ്തകം കൈമാറിയിട്ടുണ്ട്. ആ ആശയം പി ഡബ്ല്യൂ ഡി പരിശോധിക്കണം. **(ചുമതല - പൊതുമരാമത്ത് വകുപ്പ്)**
20. ചരക്ക് നീക്കം കുഴപ്പമില്ലെങ്കിലും പഞ്ചസാര, ഉള്ളി, ഉരുളക്കിഴങ്ങ് എന്നിവയുടെ വരവ് നിരീക്ഷിക്കേണ്ടതാണ്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**
21. നിരീക്ഷണത്തിലിരുന്നവരുടെ വിവരം വാട്സ്ആപ് ഗ്രൂപ്പിൽ നിന്ന് ചോർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിശോധിക്കണം **(ചുമതല - ആഭ്യന്തര വകുപ്പ്)**
22. ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ്ജ് ആയ കോവിഡ് രോഗികളെ ഡൽഹി, ബംഗളൂരു എന്നിവിടങ്ങളിൽ നിന്ന് ഫോണിൽ ബന്ധപ്പെട്ടു എന്ന് പരാതിയുണ്ട്. ഈ ഏജൻസിക്ക് നാഷണൽ ഹെൽത്ത് അതോറിറ്റിയുമായി കരാറുണ്ട്. എന്നും വിവരം ക്ലീൻ ചെയ്യുന്നതിന്റെ ഭാഗമായാണ് വിളിച്ചതെന്നും വിവരം ലഭിച്ചു എന്ന് എ ഡി ജി പി ഇന്റലിജൻസ് പറഞ്ഞു. **(ചുമതല - ആഭ്യന്തര വകുപ്പ്)**
23. 3000 ടെസ്റ്റുകൾ ചെയ്യാൻ കഴിഞ്ഞത് നല്ലതാണ്. കൂടുതൽ ചെയ്യാൻ ശ്രദ്ധിക്കണം. **(ചുമതല - ആരോഗ്യ വകുപ്പ്)**
24. ഭക്ഷ്യശേഖരം പ്രശ്നമല്ല **(ചുമതല - ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ്)**
25. ഇടുക്കിയിൽ 500-ഓളം തമിഴ്നാട്ടുകാരായ ഏലത്തോട്ടം ഉടമകൾ അതിർത്തിയിൽ സംഘർഷം ഉണ്ടാക്കാൻ ശ്രമിക്കുന്നുണ്ട്. ഇത് ശ്രദ്ധിക്കണം. **(ചുമതല - ആഭ്യന്തര വകുപ്പ്)**
26. ആദിക്കാട്ടുകുളങ്ങര ഉണക്കമത്സ്യ മൊത്തവ്യാപാരം നടക്കുന്നിടത്ത് തമിഴ്നാട്ടിൽ നിന്നും ഉണക്ക മത്സ്യം വരുന്നുണ്ട്. ഇത് പരിശോധിക്കണം **(ചുമതല - ഫിഷറീസ് വകുപ്പ്)**

അടുത്ത അവലോകനയോഗം മെയ് 1 ന് രാവിലെ 11 മണിക്ക് നടത്താം.

യോഗം 4.15ന് അവസാനിച്ചു.

**<u>അനുബന്ധം 1</u>**

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ബഹു. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി
2. ബഹു. റവന്യൂ വകുപ്പ് മന്ത്രി
3. ചീഫ് സെക്രട്ടറി
4. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
5. സ്റ്റേറ്റ് പോലീസ് ചീഫ്
6. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
7. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
8. അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ്
9. അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്
10. അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ വകുപ്പ്
11. അഡീഷണൽ ചീഫ് സെക്രട്ടറി പൊതുമരാമത്ത് വകുപ്പ്
12. ഡയറക്ടർ ജനറൽ ഫയർ ആന്റ് റസ്ക്യൂ
13. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
14. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
15. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതം
16. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
17. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
18. അഡീഷണൽ ഡി ജി പി ഇന്റലിജൻസ്
19. സെക്രട്ടറി, ധനകാര്യം
20. സെക്രട്ടറി, ഊർജ്ജ വകുപ്പ്
21. സെക്രട്ടറി, ടൂറിസം വകുപ്പ്
22. സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്
23. സെക്രട്ടറി, വ്യവസായ വകുപ്പ്
24. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
25. മുഖ്യമന്ത്രിയുടെ സെക്രട്ടറി
26. ചെയർ പേഴ്സൺ, എക്സ്പെർട്ട് കമ്മിറ്റി
27. ഡി ജി ഇ, തിരുവനന്തപുരം
28. മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി
29. മറ്റുള്ളവർ